18804/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രീയങ്ക ജി , ഐ എ എസ് )

വിഷയം:- വനിത ശിശു വികസന വകുപ്പ് – സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ ജില്ലാതല ത്രൈമാസ അവലോകനയോഗം സംഘടിപ്പിക്കുന്നതിന് രണ്ടാം ക്വാർട്ടർ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ.സാധാ നം. 214/2023/WCDD, തീയതി : 28.04.2023
2. വനിതാ ശിശുവികസന ഡയറക്ടറുടെ 02.05.2023 തീയതിയിലെ ഇതേ നമ്പർ കത്ത്
   വനിതാ ശിശുവികസന ഡയറക്ടറുടെ 07.06.2023 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
3. ജില്ല ശിശു സംരക്ഷണ ഓഫീസർമാർ ലഭ്യമാക്കിയ ആദ്യ ക്വാർട്ടർ മീറ്റിംഗ് റിപ്പോർട്ട്
4.

**ഉത്തരവ് നം. DWCD/1664/2023-ICDSA6 തീയതി: 03-10-2023**

സൈക്കോസോഷ്യൽ സ്കൂൾ കൌൺസിലർമാരുടെ ജില്ലാതല ത്രൈമാസ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുവാൻ അനുമതിയും ഫണ്ടും ലഭ്യമാക്കി പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ത്രൈമാസ യോഗങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പരാമർശം (2 ) പ്രകാരം ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരാമർശം (3 ) പ്രകാരം ആദ്യക്വാർട്ടർ അവലോകന യോഗം സംഘടിപ്പിക്കുന്ന തിലേയ്ക്കാവശ്യമായ ഫണ്ട് ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്.

ജില്ലകൾ ആദ്യ ക്വാർട്ടർ അവലോകന യോഗം സംഘടിപ്പിച്ചതിന്റെ മിനിട്സ്, സ്റ്റേറ്റ് മെന്റ് ഓഫ് എക്സ്പെൻഡിച്ചർ, ധന വിനിയോഗ സാക്ഷ്യപത്രം എന്നിവ പരാമർശം (4 ) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ആയതു പരിശോധിച്ചതിൽ 13 ജില്ലകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല എന്ന് കാണുന്നു. അതിനാൽ ആദ്യ ക്വാർട്ടറിൽ തുക പൂർണ്ണമായും ചെലഴിക്കാത്ത ജില്ലകൾക്ക് രണ്ടാം ക്വാർട്ടറിൽ അനുവദനീയമായ തുകയിൽ നിന്നും നിലവിൽ ബാക്കിയുള്ള തുക കുറച്ചാണ് രണ്ടാം ക്വാർട്ടറിൽ തുക അനുവദിക്കുന്നത്.

4l ജില്ലകൾക്ക് രണ്ടാം ക്വാർട്ടർ അവലോകന യോഗം സംഘടിപ്പിക്കുന്നതിനുള്ള തുക ചുവടെ ചേർക്കുന്ന പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | സ്കൂൾകൗൺസിലർ മാരുടെ എണ്ണം | ഹാൾ വാടക (Rs) | ഭക്ഷണം @ 200/ head (Rs) | ക്ലാസ്സ് എടുക്കുന്നവർക്കുള്ള ഓണറേറിയം (Rs) | ആകെ അനുവദിക്കേണ്ടുന്ന തുക (column no. 4+5+6 ) (Rs) | 07/06/2023 ലെ ഉത്തരവ് പ്രകാരം അനുവദിച്ചതിൽ മിച്ചമുള്ള തുക | രണ്ടാം ക്വാർട്ടറിലേക്ക് അനുവദിക്കുന്ന തുക (7-8) |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | തിരുവനന്തപുരം | 78 | 5000 | 15600 | 1000 | 21600 | 7350 | 14250 |
| | കൊല്ലം | 87 | 5000 | 17400 | 1000 | 23400 | 3098 | 20302 |

18804/2023

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | പത്തനംതിട്ട | 47 | 5000 | 9400 | 1000 | 15400 | 1295 | 14105 |
| 3 | ആലപ്പുഴ | 58 | 5000 | 11600 | 1000 | 17600 | 2000 | 15600 |
| 4 | കോട്ടയം | 61 | 5000 | 12200 | 1000 | 18200 | 1200 | 17000 |
| 5 | ഇടുക്കി | 69 | 5000 | 13800 | 1000 | 19800 | 11480 | 8320 |
| 6 | എറണാകുളം | 68 | 5000 | 13600 | 1000 | 19600 | 500 | 19100 |
| 7 | തൃശ്ശൂർ | 77 | 5000 | 15400 | 1000 | 21400 | 5000 | 16400 |
| 8 | പാലക്കാട് | 79 | 5000 | 15800 | 1000 | 21800 | 7570 | 14230 |
| 9 | മലപ്പുറം | 97 | 5000 | 19400 | 1000 | 25400 | 11450 | 13950 |
| | കോഴിക്കോട് | 79 | 5000 | 15800 | 1000 | 21800 | 5830 | 15970 |
| 10 | വയനാട് | 60 | 5000 | 12000 | 1000 | 18000 | 200 | 17800 |
| 11 | കണ്ണൂർ | 94 | 5000 | 18800 | 1000 | 24800 | 5710 | 19090 |
| 12 | കാസർഗോഡ് | 58 | 5000 | 11600 | 1000 | 17600 | 0 | 17600 |
| | **ആകെ** | 1012 | 60000 | 169200 | 12000 | 2,86,400 | **62683** | **223717** |

**(രണ്ടു ലക്ഷത്തി ഇരുപത്തി മൂവായിരത്തി എഴുന്നൂറ്റി പതിനേഴ് രൂപ മാത്രം)**

ഇതിലെയ്ക്കാവശ്യമായ തുക (Rs. 2,23,717/-) നടപ്പു വർഷത്തെ സൈക്കോസോഷ്യൽ പദ്ധതിയ്ക്കായി 2235-02-102-62-01-34-03 PV ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വഹിക്കാവുന്നതാണ്.

ടി തുക ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് നൽകേണ്ടതും ജില്ലാ ഓഫീസർ പരിപാടി സംഘടിപ്പിക്കുന്നതിനായി മേൽ തുക ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർക്ക് മാറി നല്കേണ്ടതുമാണ്.

തുക ചെലവഴിച്ചത് സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപ്പത്രം വിശദമായ റിവ്യൂ റിപ്പോർട്ട് എന്നിവ സഹിതം ഒക്ടോബർ മാസം 15 ആം തീയതിക്കകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. പരാമർശം (2) പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസമാർക്കും

പകർപ്പ് :-

1.എല്ലാ ജില്ല ശിശു സംരക്ഷണ ഓറഫീസർമാർക്കും

2.സൂപ്രണ്ട് . അക്കൗണ്ട്സ് സെക്ഷൻ

3.സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

**സൂപ്രണ്ട്**

igned by Priyanka G
ate: 03-10-2023 19:19:10